©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15 Vol. XV	**തിരുവനന്തപുരം,** **വ്യാഴം** Thiruvananthapuram, Thursday	**2026 സെപ്റ്റംബർ 10** 10th September 2026 **1202 ചിങ്ങം 25** 25th Chingam 1202 **1948 ഭാദ്രം 19** 19th Bhadra 1948	**നമ്പർ** No. **2451**

ഷൊർണ്ണൂർ നഗരസഭ

വിജ്ഞാപനം

ഇ2/5051525/2026 *2026 സെപ്റ്റംബർ 9*

2016-ലെ കേരള നഗര – ഗ്രാമാസൂത്രണ ആക്റ്റിലെ (2016- ലെ 9) 46-)o വകുപ്പ് (1) -)o ഉപവകുപ്പ് പ്രകാരം കുളപ്പുള്ളി പ്രദേശത്തിന് വേണ്ടിയുള്ള വിശദ നഗരാസൂത്രണ പദ്ധതി പരിഷ്കരണങ്ങളോടുകൂടി സ്വീകരിക്കുന്നതിനുള്ള ഉദ്ദേശത്തിന്റെ വിജ്ഞാപനം.

(ഒപ്പ്)
സെക്രട്ടറി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം-I

2021 – ലെ കേരള നഗര-ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ

[ചട്ടം 4 (1) കാണുക]

ഷൊർണ്ണൂർ മുനിസിപ്പൽ കൗൺസിൽ

2016-ലെ കേരള നഗര – ഗ്രാമാസൂത്രണ ആക്റ്റിലെ (2016- ലെ 9) 46-)o വകുപ്പ് (1) -)o ഉപവകുപ്പ് പ്രകാരം കുളപ്പുള്ളി പ്രദേശത്തിന് വേണ്ടിയുള്ള വിശദ നഗരാസൂത്രണ പദ്ധതി പരിഷ്കരണങ്ങളോടുകൂടി സ്വീകരിക്കുന്നതിനുള്ള ഉദ്ദേശത്തിന്റെ വിജ്ഞാപനം.

(പ്രസിദ്ധീകരിച്ച കുളപ്പുള്ളി ഏരിയ പ്രദേശത്തിനായുള്ള വിശദനഗരാസൂത്രണ പദ്ധതിയിൽ നിലവിലെ വികസിത സാഹചര്യങ്ങൾക്കനുസൃതമായി വ്യതിയാനം വരുത്തി തയ്യാറാക്കിയ പദ്ധതി രേഖ പരിഷ്കരണങ്ങളോടുകൂടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.)

2016-ലെ കേരള നഗര – ഗ്രാമാസൂത്രണ ആക്റ്റിലെ 46-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം, ഷൊർണ്ണൂർ മുനിസിപ്പൽ കൗൺസിൽ താഴെ വിശദമാക്കിയിരിക്കുന്ന ഉദ്ദേശ്യങ്ങളോടും ലക്ഷ്യങ്ങളോടും കൂടി, കുളപ്പുള്ളി ഏരിയയ്ക്കുവേണ്ടി പുതുക്കി തയ്യാറാക്കിയിട്ടുള്ള ഒരു വിശദനഗരാസൂത്രണ പദ്ധതി പരിഷ്കരണങ്ങളോടുകൂടി സ്വീകരിക്കാൻ 22-06-2026 തിയ്യതിയിൽ നടന്ന കൗൺസിൽ യോഗത്തിലെ 1-ാം നമ്പർ പ്രമേയം പ്രകാരം തീരുമാനിച്ചിരിക്കുന്നു.

(എ) പദ്ധതി ഉദ്ദേശ്യം

ഷൊർണ്ണൂർ നഗരത്തിലെ പ്രധാന വാണിജ്യ - വ്യവസായ മേഖലയായ കുളപ്പുള്ളി ജംഗ്ഷനും സമീപ സ്ഥലങ്ങളും ഉൾപ്പെടുന്ന പദ്ധതി പ്രദേശത്തെ വികസനം ക്രമപ്പെടുത്തുന്നതിനും ത്വരിതപ്പെടുത്തുന്നതിനും സാധ്യമാകുന്ന തരത്തിൽ ഭാവി വികസന സാധ്യതകൾ മുന്നിൽ കണ്ടുക്കൊണ്ട് പ്രസ്തുത പദ്ധതിയിൽ വ്യതിയാനം വരുത്തുവാൻ ഉദ്ദേശിക്കുന്നു.

(ബി) പദ്ധതി ലക്ഷ്യങ്ങൾ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഗതാഗത സൌകര്യം മെച്ചപ്പെടുത്തിക്കൊണ്ട് നിലവിലെ ബസ് സ്റ്റാന്റിന്റെ പുനരുജ്ജീവനം, ഒഴിഞ്ഞുകിടക്കുന്നതും ഉപയോഗിക്കാത്തതുമായ ഭൂമിയുടെ ഫലപ്രദമായ വിനിയോഗവും, നഗരത്തിന്റെ വികസന സാഹചര്യങ്ങൾക്ക് ചേർന്നുപോകുന്ന തരത്തിലുള്ള ഭൂവിനിയോഗവും, മേഖലാനിയന്ത്രണചട്ടങ്ങളും രൂപീകരിക്കുക.

(സി) അതിരുകൾ

വടക്ക് :

ഷൊർണ്ണൂർ I വില്ലേജിൽ, കാരക്കാട് ദേശം (232), ബ്ലോക്ക്- 04 ൽ ഉൾപ്പെടുന്ന 7 19, എന്നി സർവ്വെ നമ്പറുകൾ.

ഷൊർണ്ണൂർ II വില്ലേജിൽ, കുളപ്പുള്ളി ദേശം (240), ബ്ലോക്ക്- 03 ൽ ഉൾപ്പെടുന്ന സർവ്വെനമ്പർ 283.

കിഴക്ക് :

ഷൊർണ്ണൂർ I വില്ലേജിൽ, കാരക്കാട് ദേശം (232), ബ്ലോക്ക്- 04 ൽ ഉൾപ്പെടുന്ന 11/2pt., 11/3 pt., 11/4pt, 11/1A2B pt., 14, 21 pt., 37/2B1 pt., 37/2B pt., 37/5, 37/6, 37/7A, 37/7B, എന്നി സബ് ഡിവിഷനോട്ക്കൂടിയ സർവ്വെനമ്പറുകൾ.

തെക്ക് :

ഷൊർണ്ണൂർ I വില്ലേജിൽ, കാരക്കാട് ദേശം (232), ബ്ലോക്ക്- 04 ൽ ഉൾപ്പെടുന്ന 28 pt., 29/1B1, 29/1B2, 29/5A, 29/7, 34, 35, എന്നീ സർവ്വെ നമ്പറുകൾ.

പടിഞ്ഞാറ് :

ഷൊർണ്ണൂർ I വില്ലേജിൽ, കാരക്കാട് ദേശം (232), ബ്ലോക്ക്- 04 ൽ ഉൾപ്പെടുന്ന 23, 27 എന്നി സർവ്വെ നമ്പറുകൾ.

ഷൊർണ്ണൂർ II വില്ലേജിൽ, കുളപ്പുള്ളി ദേശം (240), ബ്ലോക്ക്- 03 ൽ ഉൾപ്പെടുന്ന 286, 287, 288, എന്നീ സർവ്വെ നമ്പറുകൾ. കുളപ്പുള്ളി ബസ്സ്റ്റാൻഡ്

(ഡി) റവന്യു സർവ്വേ അല്ലെങ്കിൽ റീ സർവ്വേ നമ്പറുകൾ, ബാധകമാകുന്ന പക്ഷം ബ്ലോക്ക് നമ്പറുകളും റവന്യു വാർഡ് നമ്പറുകളും / ഉൾപ്പെട്ടിട്ടുള്ള ദേശത്തിന്റെ പേര്, അതോടൊപ്പം അതാത് റവന്യു വില്ലേജുകളുടെ പേര്.

ഷൊർണ്ണൂർ I വില്ലേജിൽ, കാരക്കാട് ദേശം (232), ബ്ലോക്ക്- 04 ൽ ഉൾപ്പെടുന്ന 15, 16, 17, 18, 20, 22, 36, എന്നീ സർവ്വെ നമ്പറുകൾ പൂർണമായും., 11/1A2B pt., 11/2 pt., 11/3 pt., 11/4 pt., 21pt., 28pt., 29/2A1, 29/2A1/1, 29/1A, 29/6, 37/1, 37/2B pt., 37/2B1 pt., 37/3, 37/4, എന്നീ സബ് ഡിവിഷനോട്ക്കൂടിയ സർവ്വെ നമ്പറുകളും ഉൾപ്പെടുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ഇ) ആസൂത്രണപ്രദേശത്തിന്റെ ഏകദേശവിസ്തൃതി: 28.25 ഹെക്ടർ

ആസൂത്രണ പ്രദേശത്തിന്റെ മാപ്പ് (ഡി.എസ്.എൻ/01) ഷൊർണൂർ മുനിസിപ്പൽ ഓഫീസിൽ ഓഫീസ് പ്രവൃത്തി സമയത്തു പരിശോധനക്കായി സൂക്ഷിച്ചിരിക്കുന്നു.

2016 ലെ കേരള നഗരാസൂത്രണ ആക്റ്റിലെ (2016 ലെ 9-ാം ആക്ട്) 50-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പും 46-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പും പ്രകാരം ടി വിവരം ഇതിനാൽ വിജ്ഞാപനം ചെയുന്നു.

ഒപ്പ്	ഒപ്പ്
സെക്രട്ടറി	ചെയർമാൻ

സ്ഥലം : ഷൊർണ്ണൂർ

തിയ്യതി : 09-09 -2026

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.09.10 10:42:29 +05:30